ഖുത്ബ
27.8.2004
ഹംബർഗ്
ജർമനി

بسم الله الرحمن الرحيم

# പൂർണ്ണമായും അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കുന്നവനാണ്.

يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ ۖ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا

വിശ്വസിച്ചവരേ! അല്ലാഹുവിനെ അനുസരിക്കുക. റസൂലിനെയും അനുസരിക്കുക; നിങ്ങളുടെ അധികാരസ്ഥരേയും. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അധികാരസ്ഥരോട് ഭിന്നിച്ചാൽ അത്തരം കാര്യങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ല ഗുണപര്യവസായിയും. (4:60)

ഒരു ജമാഅത്തിന്റെ, അല്ലെങ്കിൽ ജനതയുടെ പുരോഗതിയുടെ വേഗം ആ ജമാഅത്തിന്റെ അല്ലെങ്കിൽ ജനതയിലെ അംഗങ്ങളുടെ വേഗത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഉണ്ടാകുന്നത്. അനുസരണത്തിൽ കുറവുവരുമ്പോൾ പുരോഗതിയിലും കുറവുണ്ടാകും. ദൈവികജമാഅത്തിന് പുരോഗതിയുടെ വേഗത്തിൽ കുറവുണ്ടാകുന്നുവെന്നുമാത്രമല്ല, ആത്മീയതയുടെ സമ്പാദനത്തിന്റെ തോതിലും കുറവു വരുന്നു. അതുകൊണ്ട് വിശുദ്ധഖുർആനിൽ അല്ലാഹു ഇതിനെ പ്രതിരോധിക്കുന്നതിനുള്ള നിരവധി വിഷയങ്ങൾ തുറന്നിരിക്കുന്നു. വിവിധ രീതിയിൽ മുഅ്മിനീംകളോട്, റസൂൽ(സ)യെ അനുസരിക്കുമ്പോഴാണ് അല്ലാഹുവിനെ അനുസരിക്കുന്നവരായിത്തീരുന്നത് എന്നുപദേശിച്ചിരിക്കുന്നു. ചിലയിടത്തു അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുമ്പോഴാണ് പാപപ്പൊറുതിയുണ്ടാകുന്നതെന്ന് പറഞ്ഞിരിക്കുന്നു; എല്ലാ കല്പനകളും ജീവിതത്തിൽ പാലിച്ചാൽ പാപപ്പൊറുതി കിട്ടും. നിങ്ങൾ പരിപൂർണ്ണമായും അനുസരിക്കുമ്പോഴാണ് തഖ്‌വയുടെ നില സ്ഥാപിതമാകുന്നതെന്നും, തഖ്‌വയിൽ പദമൂന്നുന്നവരായി ഗണിക്കപ്പെടുന്നതെന്നും പറഞ്ഞിട്ടുണ്ട്. നിങ്ങൾ നിങ്ങളുടെ അനുസരണത്തിന്റെ നിലവാരം ഉയർത്തുമ്പോൾ, നിങ്ങൾ നമ്മുടെ സ്വർഗ്ഗങ്ങളുടെ അവകാശികളായിത്തീരുമെന്നും അറിയിച്ചിരിക്കുന്നു. അനുസരണത്തെക്കുറിച്ച് ഇത്തരം നിരവധി കല്പനകൾ സത്യവിശ്വാസികൾക്ക് ഖുർആനിലുണ്ട്.

ഞാനോതിയ വചനത്തിലും അല്ലാഹു അനുസരണം എന്ന വിഷയം തന്നെയാണ് പ്രതിപാദിച്ചിട്ടുള്ളത്. ഇതു പറഞ്ഞതിനുശേഷം, 'ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നു' എന്ന് വാദമുള്ള സത്യവിശ്വാസികൾ എപ്പോഴും അല്ലാഹുവും അവന്റെ റസൂലും കല്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും പിന്തുടരണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. നിങ്ങളുടെ ഭാരവാഹികൾ, നിങ്ങളുടെ അമീർ, നിങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥിതികൾ എന്നിവയേയും അനുസരിക്കണമെന്ന് അതിനോടൊപ്പം നിർദ്ദേശിച്ചിരിക്കുന്നു. എന്തെങ്കിലും കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടായാൽ അല്ലാഹുവിലേക്കും അവന്റെ റസൂൽ(സ)ലേക്കും മടക്കാനാണ് കല്പനയുള്ളതെന്ന് ചിലയാളുകൾ പറയാറുണ്ട്. അതായത് ഭിന്നാഭിപ്രായമുണ്ടായാൽ ഖുർആനിലേക്കും ഹദീസിലേക്കും പോകുക. എന്താണ് അതു സംബന്ധിച്ച് കല്പനയുള്ളതെന്ന് അതിൽ പരിശോധിക്കുക. ഇതിന്റെ അർത്ഥം, ഭിന്നാഭിപ്രായമുണ്ടാകുമ്പോൾ ഓരോരുത്തരും ഖുർആനും ഹദീസും എടുത്തുവെച്ച് സ്വന്തം ഇഷ്ടപ്രകാരം വിശദീകരണം നടത്തുക എന്നല്ല; അറിവില്ലെങ്കിൽ പറയുകയും വേണ്ട.

ഒന്നാമത്തെ കാര്യം, ജനങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുമ്പോൾ എല്ലാ കാര്യങ്ങളുടെയും വിശദീകരണവും വിവരണവും എല്ലാവർക്കും അറിയാത്ത കാരണത്താൽ, വിശദീകരണാർഹമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിന്, വിശുദ്ധഖുർആന്റെയും ഹദീസുകളുടെയും തെളിവുകൾ നല്കുന്നതിന്, അതു സംബന്ധിച്ച് വിവരമുള്ളവരോട് ചോദിക്കേണ്ടതായിവരും. അവരുടെ അടുത്ത് പോകേണ്ടിവരും. അതുകൊണ്ട് ഇസ്‌ലാമിനുണ്ടായ അന്ധകാര കാലഘട്ടത്തിലും - പിന്നിട്ട ആയിരം വർഷക്കാലം - അല്ലാഹുതആല മുഫസ്സിരീംകളേയും മുജദ്ദിദീംകളേയും സൃഷ്ടിച്ചുകൊണ്ടിരുന്നു. അവർ ദീനിപരമായ അറിവുള്ളവരായിരുന്നു. അവർ അവരവരുടെ നാടുകളിൽ ജനങ്ങൾക്ക് വഴികാണിച്ചുകൊണ്ടിരുന്നു. എന്നാൽ ഇക്കാലത്ത് - അത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടമാണ്, അല്ലാഹു അദ്ദേഹത്തെ നീതിമാനായ വിധികർത്താവായി നിശ്ചയിച്ചിരിക്കുന്നു. ഖുർആന്റെയും നബി(സ) തിരുമേനിയുടെയും കല്പനകളുടെ ശരിയായ അറിവും ജ്ഞാനവും ഹസ്റത്ത് മസീഹ്

മൗഊദ് (അ) ന് മാത്രമാണുള്ളത്. എന്തെങ്കിലും കല്പനയ്ക്ക് അവിടന്ന് ഇന്ന് നൽകുന്ന വ്യാഖ്യാനവും വിശദീകരണവുമാണ് ശരിയായിട്ടുള്ളത്. കാരണം അല്ലാഹുതആല നേരിട്ടാണ് ഇക്കാര്യം ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ പഠിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ നാം ഭാഗ്യവാന്മാരാണ്. അല്ലാഹുതആല ഇക്കാലഘട്ടത്തിൽ നമ്മെ സൃഷ്ടിച്ചു. മുമ്പേ വന്നവർ ഒരുപാട് വിഷമിച്ചിരുന്ന കാര്യങ്ങൾക്ക് ഇന്ന് പരിഹാരമുണ്ടായിരിക്കുന്നു. അത് നമുക്കു മനസ്സിലാക്കാൻ ഭാഗ്യമുണ്ടായിരിക്കുന്നു. *'ഫറുദ്ദൂഹു ഇലല്ലാഹി വർറസൂൽ'* എന്ന കല്പനയനുസരിച്ച് പ്രവർത്തിക്കാൻ എളുപ്പമാർഗ്ഗം ചെയ്തുതന്നു. ദുഷ്ക്കരവും കുരുങ്ങിക്കിടന്നതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് എണ്ണമറ്റ ഖജനാവുകൾ നല്കിയിരിക്കുന്നു.

അല്ലാഹുതആല അവന്റെ വാഗ്ദാനമനുസരിച്ച്, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനും, അല്ലാഹുവും അവന്റെ റസൂൽ(സ)യും പറഞ്ഞിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടി ഒരു വ്യവസ്ഥിതിയും നമ്മളിൽ നടപ്പിൽ വരുത്തി. ഇതിന് നമ്മൾ അല്ലാഹുവിന് എത്ര നന്ദി പ്രകടിപ്പിച്ചാലും അതു കുറവായിരിക്കും. അവൻ അവനിലുള്ള വിശ്വാസത്തിലും, പരലോകത്തുള്ള വിശ്വാസത്തിലും കൂടുതൽ ശക്തി നമുക്കു പകർന്നു തന്നു. അങ്ങനെ നമ്മുടെ കാര്യങ്ങളുടെ പര്യവസാനവും നന്നാക്കിത്തീർത്തു. ഈ നീതിമാനായ വിധി കർത്താവിനെ അനുസരിക്കുന്നതുകൊണ്ട് നല്ല പര്യവസാനമുണ്ടാകുമെന്നുള്ള സുവാർത്ത നമ്മെ അറിയിക്കുകയും ചെയ്തു. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) നുശേഷം, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് നിലവിൽ വന്നിട്ടുള്ള രണ്ടാമത്തെ ശക്തി പ്രഭാവത്തിന്റെ ഇക്കാലത്ത് അതിനെ പരിപൂർണ്ണമായും അനുസരിക്കേണ്ടത് നമ്മുടെ ബാധ്യതയായിത്തീർന്നിരിക്കുകയാണ്. നിങ്ങളുടെ അനുസരണത്തിന്റെ നിലവാരത്തെ ഉയർത്തിക്കൊണ്ടേ പോകുക. എന്നാൽ, അനുസരണത്തിന്റെ ഉന്നതമായ നില കരസ്ഥമാക്കുന്നതിന് ത്യാഗങ്ങൾ ചെയ്യേണ്ടിവരികയും ക്ഷമ കാണിക്കേണ്ടി വരികയും ചെയ്യുമെന്ന കാര്യം ഓർമിക്കുക.

ഭൗതിക കാര്യങ്ങൾക്കായി ഭൗതിക ഭരണകർത്താക്കളെ അനുസരിക്കേണ്ടതും വളരെ ആവശ്യമാണ്. ഭരണകൂടം അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിനായി രാഷ്ട്ര നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ടാകും. അതിനെ അനുസരിക്കേണ്ടത് നിർബന്ധമാണ്. നിങ്ങൾ ജീവിക്കുന്ന നാട്ടിലെ നിയമങ്ങൾ പാലിക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. ആ നിയമങ്ങൾ മതവുമായി കളിക്കാത്തതും, അതുമായി നേരിട്ട് ഏറ്റുമുട്ടാത്തതുമായിരിക്കണമെന്നുമാത്രം; പാക്കിസ്ഥാനിലെ നിയമം പോലെയാകരുത്. അഹ്മദികൾക്കു വേണ്ടി ചില നിയമങ്ങൾ അവിടെ ഉണ്ടാക്കിയിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ അവിടെയും ഭരണകൂടം അതിന്റെ നടത്തിപ്പിന്നായി ഉണ്ടാക്കിയിരിക്കുന്ന നിയമങ്ങളെ മാത്രം അനുസരിക്കുക എന്നതാണ് നിർബന്ധമായി വരുന്നത്. മതപരമായ കർമ്മങ്ങൾ നിരോധിക്കുന്നതും മാനസിക സംഘർഷം ഉണ്ടാക്കുന്നതുമായ നിയമങ്ങൾ എന്തായാലും പാലിക്കാൻ പറ്റുകയില്ല. ഒരു നിയമമുണ്ടാക്കി, നമസ്കരിക്കാൻ പാടില്ല എന്നു പറഞ്ഞാൽ നമസ്കാരം ഉപേക്ഷിക്കാൻ പറ്റുകയില്ല. എന്തായാലും ഭൗതികവ്യവസ്ഥിതിയായാലും, ജമാഅത്തിയായ വ്യവസ്ഥിതിയായാലും, അല്ലെങ്കിൽ മതപരമായ വ്യവസ്ഥിതിയായാലും അതിനെ അനുസരിക്കേണ്ടത് നിർബന്ധമാണ്; ഞാൻ പറഞ്ഞതുപോലെ അല്ലാഹുവും അവന്റെ റസൂൽ(സ)യുമായി ഏറ്റുമുട്ടാത്ത നിയമങ്ങളൊഴികെ. ദീനീപരമായ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)ന്റെയും കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നതിൽ മറ്റു മുസ്ലിംകൾ ചിന്താകുലരാണ്. എന്നാൽ അഹ്മദീ മുസ്ലിംകൾക്ക് അതിൽ ഒരു വേവലാതിയുമില്ല. കാരണം ഹസ്റത്ത് മസീഹ് മൗഊദ് (അ)മായി നമ്മുടെ ബന്ധം യോജിപ്പിച്ച് അത്തരം ചിന്തകളിൽ നിന്നെല്ലാം നാം നമ്മെ സ്വതന്ത്രരാക്കിയിരിക്കുകയാണ്. ശരീഅത്തിൽ വിശദീകരണാർഹമായ കാര്യങ്ങൾക്ക് വിശദീകരണവും ഹസ്റത്ത് മസീഹ് മൗഊദ് (അ)ൽ നിന്ന് ലഭിച്ചിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് ഒരു മാർഗ്ഗം പറഞ്ഞു തന്നു. എല്ലാ കാര്യങ്ങളും വിശദീകരിച്ചു. ഇപ്രകാരം നിങ്ങൾ കർമ്മങ്ങൾ അനുഷ്ഠിച്ചാൽ അതു അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ)ന്റെയും കല്പനകളനുസരിച്ചായിരിക്കുമെന്ന് പറഞ്ഞുതന്നു. ഞാൻ പറഞ്ഞുവന്നതുപോലെ ദീനീപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായപ്പോഴെല്ലാം അതു പരിഹരിക്കുന്നതിനുവേണ്ടി ജനങ്ങൾ ഉലാമാഅ്, മുഫസ്സിരീൻ, ഫുഖഹാഅ് എന്നിവരുടെയടുക്കൽ പൊയ്ക്കൊണ്ടിരുന്നു. അവരിലോരോരുത്തരും അവരവരുടെ അറിവും കഴിവും അനുസരിച്ച് അക്കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു. അവരവരുടെ കാലഘട്ടത്തിൽ അവരവരുടെ പരിധിയിൽ സദുദ്ദേശ്യത്തോടുകൂടി എല്ലാ കാര്യങ്ങളും പറഞ്ഞു കൊടുത്തു. എന്നാൽ, ഫുക്കഹാഉം മുഫസ്സിരീങ്ങളും തമ്മിലുള്ള അഭിപ്രായ വ്യത്യാസമനുസരിച്ച് അവരവരുടെ ഗ്രൂപ്പുകളും ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെ മുസ്ലിംകൾ പരസ്പരം ആരോപണം ഉന്നയിച്ചുകൊണ്ടിരുന്നു. വഴക്കും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഈ ചേരിതിരിവ് മുസ്ലിംകളെ കീറിമുറിച്ചു.

എന്നാൽ, ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിൽ നിന്ന് മാർഗ്ഗദർശനം തേടി നമുക്കുവേണ്ടി തെറ്റും ശരിയും വ്യക്തമാക്കിത്തന്നു. അതുകൊണ്ട് അനുസരണത്തിന്റെ ഉന്നത

മായനില നാട്ടേണ്ടത് അഹ്മദികളുടെ നിർബന്ധകടമയായിത്തീർന്നിരിക്കുന്നു. എങ്കിൽ മാത്രമെ ജമാഅത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് അവർക്ക് ഫലമെടുക്കാൻ പറ്റുകയുള്ളൂ. ഞാൻ പറഞ്ഞതുപോലെ ഇതിനായി ത്യാഗം വരിക്കേണ്ടിവരും. ക്ഷമയും കാണിക്കേണ്ടിവരും. ഒരാളുടെ ഈമാൻ ഉന്നത നിലയിലുള്ളതാണോ എന്നറിയാൻ കഴിയുന്നത് പരീക്ഷണമുണ്ടാകുമ്പോഴാണ്. അവൻ ക്ഷമ പാലിച്ചുകൊണ്ട് ത്യാഗങ്ങൾ വരിച്ചുകൊണ്ട് അതിലൂടെ കടന്നുപോകുമ്പോഴാണ്. അവന്റെ തൻപ്രമാണിത്തം അവന്റെ വഴിയിൽ തടസ്സമാകരുത്. അവന്റെ സാമ്പത്തിക നഷ്ടം അവന്റെ വഴിയിൽ തടസ്സമാകരുത്. അവന്റെ മക്കൾ, അവന്റെ അനുസരണത്തിന്റെ വികാരത്തെ കുറയ്ക്കുന്നതാവരുത്. ഈ നിലവാരം പ്രാപിച്ചുകഴിഞ്ഞാൽ ഇൻശാഅല്ലാഹ് വ്യക്തിപരമായ നിലയിൽ നിങ്ങളുടെ ഈമാനിൽ അഭിവൃദ്ധി ഉണ്ടാകുന്നതാണ്. ജമാഅത്ത് പരമായ നിലയിലും പ്രബലമായിക്കൊണ്ടേപോകും. ചിലയാളുകൾ വ്യക്തിപരമായ വഴക്കുകളിൽ ജമാഅത്ത് വ്യവസ്ഥിതിയെ അംഗീകരിക്കുന്നില്ല. അല്ലെങ്കിൽ ജമാഅത്ത് വ്യവസ്ഥിതിയെടുക്കുന്ന തീരുമാനം സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നു. അങ്ങനെ മെല്ലെ മെല്ലെ അവർ പിന്നാക്കം പോകാൻ തുടങ്ങുന്നു. അങ്ങനെ സ്വയം നഷ്ടം വരുത്തിവയ്ക്കുന്നു.

അല്ലാഹുതആല പറയുന്നു:

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

"അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. നിങ്ങൾ സ്ഥിരചിത്തരാകുകയും ചെയ്യുക. അല്ലാഹു സ്ഥൈര്യമവലംബിക്കുന്നവരോടൊപ്പമാണ്." (8:47)

നിങ്ങളുടെ ഐക്യത്തിനും, നിങ്ങളെ ബന്ധിപ്പിച്ചുനിറുത്തുന്നതിനും വേണ്ടിയുള്ള അടിസ്ഥാനപരമായ കാര്യം അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കലാണെന്ന് ഇതിൽ നമ്മോടു അല്ലാഹുതആല പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇതിൽ നിലനില്ക്കുക. പരസ്പരം വഴക്കിടാതിരിക്കുക. മുസ്ലിംകൾ പരസ്പരം കലഹിക്കരുത് എന്ന ഈ കല്പനയും അല്ലാഹുവിന്റെ നിരവധി കല്പനകളിൽ ഒരു കല്പനയാണ്. എന്നാൽ, ഇക്കാലത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. ഒരു കക്ഷി മറ്റൊരു കക്ഷിയുടെ കഴുത്തിനുപിടിച്ചിരിക്കുകയാണ്. ഒരു സംഘടന മറ്റൊരു സംഘടനയ്ക്കെതിരിൽ അസഭ്യം പുലമ്പുന്നു. ഇപ്രകാരം ചെയ്താൽ നിങ്ങൾ ഭീരുക്കളാകുമെന്നും മറ്റുള്ളവരുടെ മേൽ നിങ്ങൾക്കുള്ള ആദരയുക്തമായ ഭയം ഇല്ലാതാകുമെന്നും നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളതാണ്. ഇന്ന് അതിന്റെ ഫലമെന്താണ് പുറത്തുവന്നുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. മുസ്ലിംകളുടെ ഇത്ര വലിയ ജനസംഖ്യ ഉണ്ടായിട്ടും, അളവറ്റ എണ്ണപ്പണം ഉണ്ടായിട്ടും, ഒരു പ്രതാപവുമില്ല. അന്യ രാഷ്ട്രങ്ങൾ അവരുടെ ഇച്ഛക്കൊണ്ട് ഈ രാഷ്ട്രങ്ങളെയും നിയന്ത്രിക്കുന്നു. ഇവർ ക്ഷമിക്കുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും, അല്ലാഹു നിയോഗിച്ച വ്യക്തിക്കെതിരിൽ അക്ഷമരാകാതിരിക്കുകയും, ദുർഭാവന കാണിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവർക്ക് ഈ ഗതികേട് ഉണ്ടാകുമായിരുന്നില്ല. എന്തായാലും, ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നവരാണ് നാം. അതുകൊണ്ട് ഈ നല്ല മാതൃക നമ്മുടെ മുന്നിൽ വെയ്ക്കുകയും, അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതനുസരിച്ച് പ്രവൃത്തിക്കുകയും ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളോടു പറഞ്ഞ കാര്യങ്ങൾ പരിപൂർണ്ണമായും പിൻപറ്റുകയും പരസ്പരം സ്നേഹത്തോടും ഐക്യത്തോടുംകൂടി ജീവിക്കുകയും, കലഹങ്ങളും അടിപിടിയും ഉണ്ടാക്കാതിരിക്കുകയും, പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ക്ഷമിക്കുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയാണ്. എങ്കിൽ, ഇൻശാഅല്ലാഹ് ജമാഅത്തിൽ അംഗങ്ങളായ കാരണത്താൽ അല്ലാഹു അന്യരുടെമേൽ നമുക്കായി വെച്ചിട്ടുള്ള ഗാംഭീര്യം എന്നെന്നും നിലനില്ക്കുന്നതാണ്. ഇല്ലെങ്കിൽ വ്യക്തിഗതമായ നിലയിൽ ആർക്കും ഒരു വിലയുമുണ്ടാകുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹുതആല *'നുസ്റുത്തു ബിറുഅ്ബ്'* എന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അവിടത്തെ റുഅ്ബ് അഥവാ ഗാംഭീര്യം നിലനിറുത്തുന്നതിന് അല്ലാഹു തന്നെ വഴിയൊരുക്കുന്നതാണ്. അവൻ തന്നെ സഹായിക്കുന്നതാണ്. അതുകൊണ്ട്, ജമാഅത്തിൽ നിലകൊള്ളുന്നവരുടെയും ജമാഅത്ത് വ്യവസ്ഥിതിയെ അംഗീകരിക്കുന്നവരുടെയും പ്രതാപവും അവർ ഹസ്റത്ത് മസീഹ് മൗഊദ് (അ) മായി പറ്റിപ്പിടിച്ചിരിക്കുന്ന കാരണത്താൽ ഇൻശാഅല്ലാഹ് നിലനില്ക്കുന്നതാണ്. അനുസരണത്തിലാണ് അനുഗ്രഹം എന്ന കാര്യം ഒരിക്കലും മറക്കാതിരിക്കുക. അനുസരണത്തിലാണ് വിജയവും നിലകൊള്ളുന്നത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉബാദബിൻ സാമത്ത് (റ) നിവേദനം ചെയ്യുന്നു. കേൾക്കുകയും അനുസരിക്കുകയും ചെയ്യും എന്നുള്ള നിബന്ധനയിൽ ഞാൻ നബി (സ) തിരുമേനിയ്ക്ക് ബയ്അത്തു ചെയ്തു; ഐശ്വര്യത്തിലും ദാരിദ്ര്യത്തിലും സന്തോഷത്തിലും സന്താപത്തിലും ഞങ്ങൾ ഭരണകർത്താക്കളോട് കലഹിക്കുകയില്ല. ഞങ്ങൾ എവിടെയായാലും സത്യത്തിൽ നിലകൊള്ളുന്നതാണ്. ശകാരിക്കുന്നവരുടെ ശകാരത്തെ ഞങ്ങളൊരിക്കലും ഭയ

ക്കുകയില്ല.

ബയ്അത്തു ചെയ്തു കഴിഞ്ഞാൽ എന്തു കല്പന വന്നാലും ഒന്നാമത്തെ കാര്യം നാം അതിനെ പരിപൂർണ്ണമായും അനുസരിക്കുക എന്നതാണ്. അല്ലാതെ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് വിധി വരുമ്പോൾ അംഗീകരിക്കുകയും,-അപ്പോൾ നമ്മളെപ്പോലെ അനുസരണശാലികൾ വേറെ ഉണ്ടാവില്ല-എന്നാൽ നമ്മുടെ ഇഷ്ടത്തിനു വിരുദ്ധമായി വിധിയുണ്ടാകുകയും, അതു മുഖേന നമുക്കു വിഷമം നേരിടുകയും ചെയ്താൽ അനുസരണത്തിൽ നിന്ന് നിങ്ങൾ പുറത്തുചാടുകയും ജമാഅത്ത് വ്യവസ്ഥിതിയ്ക്കെതിരെ സംസാരിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയാകാൻ പാടില്ല. പറഞ്ഞു, അവസ്ഥയെന്തായാലും ഞെരുക്കമായാലും എളുപ്പമായാലും നാം ജമാഅത്ത് വ്യവസ്ഥിതിയുടെ വിധികളെ പൂർണ്ണമായും അംഗീകരിക്കേണ്ടതാണ്. വ്യവസ്ഥിതിയുമായി ചേർന്നിരിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉം കല്പനകൾ അനുസരിക്കുമെന്ന നിബന്ധനയിലാണ് നമ്മളിൽനിന്ന് ബയ്അത്ത് വാങ്ങിയിട്ടുള്ളത്. ഇതു ഇന്നേവരെ ബയ്അത്തിന്റെ നിബന്ധനകളോടൊപ്പം നടന്നുവരുന്നു. അതുകൊണ്ട്, നബി (സ) തിരുമേനിയോടു മാത്രമെ അനുസരണപ്രതിജ്ഞ ഉണ്ടായിരുന്നുള്ളൂ ഇന്നില്ല എന്ന ചിന്താഗതി, അല്ലെങ്കിൽ നിങ്ങളതിനെ ലംഘിക്കുകയാണെങ്കിൽ നിങ്ങൾക്ക് പാപം ഒന്നും ഉണ്ടാകുകയില്ലെന്ന ചിന്താഗതി നിങ്ങളുടെ ബുദ്ധിയിൽ നിന്ന് നീക്കിക്കളയുക. എന്തുകൊണ്ടെന്നാൽ നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് തന്നെയാണ് ഈ ജമാഅത്ത് നിലവിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഇത് അതിന്റെ തന്നെ പരമ്പരയാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: ആരാണോ എന്റെ അമീറിനെ അനുസരിച്ചത് അവൻ എന്നെ അനുസരിച്ചു. ആരാണോ എന്നെ അനുസരിച്ചത് അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരാണോ എന്റെ അമീറിനെ നിഷേധിച്ചത് അവൻ എന്നെ നിഷേധിച്ചു. ആരാണോ എന്നെ നിഷേധിച്ചത് അവൻ അല്ലാഹുവിനെ നിഷേധിച്ചു. അതേ പരമ്പര തന്നെയാണ് ഇവിടെയും നടന്നുവരുന്നത്. അതിനാൽ പറഞ്ഞു. സന്തോഷമുണ്ടായാലും ദുഃഖമുണ്ടായാലും, ഏത് അമീറായാലും അദ്ദേഹവുമായി കലഹിക്കരുത്. അദ്ദേഹത്തിന്റെ വിധിയെ അംഗീകരിക്കണം.

രണ്ടാമതു പറഞ്ഞകാര്യം സത്യത്തിൽ അടിയുറച്ചു നില്ക്കുമെന്നാണ്. ഇതിന് ചിലയാളുകൾ തങ്ങളുടേതായ നിർവചനങ്ങൾ നല്കാറുണ്ട്. 'ഞങ്ങൾ സത്യത്തിലാണുള്ളത്. അതിൽ അടിയുറച്ചു നില്ക്കുന്നു. അതുകൊണ്ടുതന്നെ ജമാഅത്തു വ്യവസ്ഥിതി മുന്നോട്ടുവയ്ക്കുന്ന ഈ തീരുമാനം ഞങ്ങൾ അംഗീകരിക്കുകയില്ല' എന്നൊക്കെയുള്ളതാണത്. നിങ്ങൾ ചിന്തിക്കേണ്ടത്, നിങ്ങൾ സത്യമായ കാര്യം പറയണമെന്നതാണ്. ഭൗതികമായ ഒരു സമ്മർദ്ദവും ശാസനയും അത്യാഗ്രഹവും സത്യം പറയുന്നതിൽനിന്ന് നിങ്ങളെ തടയാൻ പാടില്ല. നിങ്ങളുടെ എന്തെങ്കിലും കാര്യം വന്നാൽ നിങ്ങൾ സത്യം പറയേണ്ടതാണ്. സത്യമായ സാക്ഷ്യം പറയേണ്ടതാണ്. കളവു പറഞ്ഞുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയോടും എതിർ കക്ഷിയോടും വഴക്കിടാൻ ശ്രമിക്കരുത്. ഞങ്ങൾ ജമാഅത്ത് പറയുന്നത് അംഗീകരിക്കുകയും സഹോദരന്മാരുമായി രഞ്ജിപ്പിലാകുകയും സത്യവാന്മാരായിക്കൊണ്ട് കള്ളനെപ്പോലെ വിനയം കാണിക്കുകയും ചെയ്താൽ ജനങ്ങളെന്തു പറയുമെന്ന് ഒരിക്കലും നിങ്ങൾ ചിന്തിക്കരുത്. നിങ്ങളുടെ ലക്ഷ്യസ്ഥാനം, നിങ്ങളുടെ ജീവിതോദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി മാത്രമായിരിക്കണമെന്ന കാര്യം എപ്പോഴും നിങ്ങൾ ഓർമിക്കുക. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അവന്റെ വ്യവസ്ഥിതിയുടെ കല്പനകളേയും നിയമങ്ങളേയും തീരുമാനങ്ങളേയും അംഗീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതുസംബന്ധമായി നിങ്ങളുടെ അനുസരണത്തിൽ ഒരു വ്യത്യാസവും ഉണ്ടാവാൻ പാടില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നുഅബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "ആരെങ്കിലും തന്റെ അമീറിൽ നിന്നു വല്ലതും വെറുക്കേണ്ടതായി വന്നാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. ഭരണമേധാവിയോടുള്ള അനുസരണത്തിൽ നിന്ന് ഒരു ചാൺ പുറത്തുപോയവൻ അനിസ്ലാമിക സ്വഭാവത്തോടെയാണ് മരണപ്പെട്ടുപോവുക." (ബുഖാരി, മുസ്ലിം)

ചിലയാളുകൾ ജനങ്ങളുടെ ഇടയിൽ ഇരുന്ന് 'ജമാഅത്ത് ഇങ്ങനെ വിധിച്ചു എനിക്കെതിരിൽ ഇന്നയാൾക്ക് അനുകൂലമായിട്ട് വിധിച്ചു, പക്ഷെ, ഞാൻ ക്ഷമിച്ചു, എന്തായാലും വിധി തികച്ചും തെറ്റായിരുന്നു, എന്നിട്ടും ഞാൻ സഹിച്ചു' എന്നൊക്കെ പറയാറുണ്ട്. ഇങ്ങനെ ജനങ്ങളുടെ ഇടയിലിരുന്ന് വളച്ചൊടിച്ച് കാര്യങ്ങൾ പറയുന്നതും ക്ഷമയല്ല. ക്ഷമ, എന്ന് പറയുന്നത് മൗനം പാലിക്കുന്നതിനാണ്. സ്വന്തം വിലാപം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കലാണ് ക്ഷമ. ഇക്കാര്യങ്ങൾ കേട്ട് മുന്നോട്ടുകൊണ്ടുപോയി പരത്തി പ്രശ്നങ്ങളുണ്ടാക്കുന്ന പ്രകൃതക്കാർ അവിടെ ഇരിപ്പുണ്ടാകാം. ഇപ്രകാരം മറ്റുള്ളവർക്ക് ജമാഅത്ത് വ്യവസ്ഥിതിയെക്കുറിച്ച് തെറ്റായ ധാരണയുണ്ടാകാം. ഇതിൽ നിന്ന് ചിലപ്പോൾ ഫിത്നയും പൊട്ടിപ്പുറപ്പെടും. ഫിത്നയിൽ കുടുങ്ങിപോകുന്ന വരെക്കുറിച്ച് പറഞ്ഞത്, അവരുടെ മരണം അവിശ്വാസത്തിന്റെ മരണമായിരിക്കുമെന്നാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: (നമ്മളിൽ നിന്ന് അവിടന്ന് എന്താണ് പ്രതീക്ഷിക്കുന്നത്) അവിടന്ന് പറയുന്നു: "അനുസരണം എളുപ്പമുള്ള കാര്യമാണോ? പൂർണ്ണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പ്പേരുണ്ടാ

ക്കുന്നവനാണ്. ഒരു കല്പനയല്ല ഉള്ളത്. കല്പനകൾ നിരവധിയാണ്. സ്വർഗ്ഗത്തിന് നിരവധി വാതിലുകളു ള്ളതുപോലെ, ചിലർ ചിലതിലൂടെ പ്രവേശിക്കുന്ന തുപോലെ നരകത്തിനും നിരവധി വാതിലുകളുണ്ട്. നിങ്ങൾ നരകത്തിന്റെ ഒരു വാതിലടയ്ക്കുകയും മറ്റൊന്ന് തുറന്ന് വയ്ക്കുകയും ചെയ്യാൻ പാടില്ല." 'ഞങ്ങൾ അനുസരണശീലരാണ്, ജമാഅത്തിന്റെ ഓരോ കല്പനയും അനുസരിക്കുന്നവരാണ്' എന്ന് ജനങ്ങൾ പറയാറുണ്ട്. പക്ഷേ, അവസരം വരുമ്പോ ഴാണ്, സ്വന്തം അവകാശം ഉപേക്ഷിക്കേണ്ടി വരു മ്പോഴാണ് അനുസരണമുണ്ടോ എന്നറിയാൻ കഴി യുന്നത്. അനുസരണം അത്ര എളുപ്പമുള്ള കാര്യമ ല്ലെന്ന് അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത്. എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കുക, എല്ലാ കാര്യങ്ങളിലും അനുസരിക്കുക എന്നതാണ് യഥാർത്ഥ ഉദ്ദേശ്യം. പരിപൂർണ്ണമായ നിലയിൽ ഈ കല്പന അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പ്പേരുണ്ടാക്കുന്നവനാണെന്നും പറഞ്ഞു. അല്ലാ ഹുവിനോടുള്ള കടമ നിറവേറ്റാതെയും ദുഷ്പ്പേരിന് കാരണക്കാരായിത്തീരുന്നു. സമസൃഷ്ടികളോടുള്ള കടമ നിറവേറ്റാതെയും ദുഷ്പേരിന് കാരണക്കാരാ യിത്തീരുന്നു. സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് നിര വധി വാതിലുകളുള്ളതുപോലെ - നന്മകളനുഷ്ഠിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുപോലെ നരക ത്തിനും നിരവധി വാതിലുകളുണ്ട്. പൂർണ്ണമായും അനുസരിക്കാതെ വാതിലുകൾ ഏതെങ്കിലും തുറ ന്നുവയ്ക്കുകയും നരകത്തിൽ കടക്കുകയും ചെയ്യാൻ പാടില്ല. അതുകൊണ്ട് തികഞ്ഞ ആത്മാർത്ഥതയോടെ അനുസരണശീലരായിരിക്കേ ണ്ടതാണ്. അതിനുവേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുകയും വേണം. അവന്റെ ഫള്ല് ഉണ്ടെങ്കിൽ മാത്രമെ മനുഷ്യന് ഇത്തരം കാര്യങ്ങളിൽനിന്ന് രക്ഷ പ്പെടാനൊക്കുകയുള്ളു.

വീണ്ടും അവിടന്ന് പറയുന്നു: പരിപൂർണ്ണ അനുസരണം ഉണ്ടെങ്കിലെ സന്മാർഗ്ഗം പരിപൂർണ്ണ മാകുകയുള്ളു. നമ്മുടെ ജമാഅത്തിലെ ആളുകൾ നല്ലവണ്ണം കേൾക്കേണ്ടതാണ്, അല്ലാഹുവിനോട് തൗഫീഖ് ചോദിക്കേണ്ടതാണ്, അവരിൽ നിന്ന് അത്തരം പ്രവർത്തനങ്ങളൊന്നും ഉണ്ടാകാൻ പാടി ല്ല.

അനുസരണം തിക്കിത്തിരുകി നിറച്ചിട്ടുള്ള വനെ സംബന്ധിച്ച് മാത്രമെ, സന്മാർഗ്ഗം പ്രാപിച്ചവ നാണെന്നും പരിപൂർണ്ണവിശ്വാസിയാണെന്നും നമുക്കു പറയാൻ പറ്റുകയുള്ളു. അണുകിട അവൻ അനുസരണത്തിൽനിന്ന് പുറത്താകരുത്. ഇതെല്ലാം അല്ലാഹുവിന്റെ തൗഫീഖുകൊണ്ടാണ് ലഭിക്കുന്ന തെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, നമ്മുടെ അനുസരണത്തിന് ക്ഷതമേല്ക്കുന്ന പ്രവർത്തനങ്ങ ളിൽ നിന്ന് അല്ലാഹു നമ്മെ രക്ഷിക്കുന്നതിനുവേണ്ടി അവനോട് തൗഫീഖ് ചോദിച്ചുകൊണ്ടിരിക്കേണ്ടതാ ണ്.

നമ്മൾ ഭാഗ്യവാന്മാരാണ്. നമ്മൾ കാലത്തിന്റെ ഇമാമിന്റെ ജമാഅത്തിൽ അംഗങ്ങളാണ്. അല്ലാഹു വിനെയും അവന്റെ റസൂലിനെയും അനുസരിക്കു ന്നവരാണ് നാമെന്ന് പറയപ്പെടുന്നതിനുവേണ്ടി അങ്ങേയറ്റം ആഴത്തിൽ ഇറങ്ങിച്ചെന്ന് ഇക്കാര്യങ്ങ ളെക്കുറിച്ച് അദ്ദേഹം നമുക്കു പറഞ്ഞുതന്നു. വീണ്ടും അവിടന്ന് പറയുന്നു: "ഭരണകർത്താവ് അക്രമിയാ ണെങ്കിൽ അയാളെ ചീത്തപറഞ്ഞു നടക്കരുത്. മറിച്ച് സ്വന്തം അവസ്ഥ തിരുത്തി നന്നാക്കുക. ഒന്നുകിൽ അല്ലാഹു അയാളെമാറ്റുന്നതാണ്. അല്ലെങ്കിൽ അയാളെത്തന്നെ നന്നാക്കിത്തീർക്കുന്നതാണ്. ബുദ്ധിമുട്ടുണ്ടാകുന്നത് സ്വന്തം കർമ്മങ്ങൾ കാരണ ത്താലാണ്. സത്യവിശ്വാസികളുടെ ദോഷങ്ങൾ അല്ലാഹു മറച്ചുവെയ്ക്കുന്നു. സത്യവിശ്വാസിക്ക് അല്ലാഹു താൻതന്നെ എല്ലാ സൗകര്യങ്ങളും ഒരുക്കി കൊടുക്കുന്നു. എല്ലാ രീതിയിലും നിങ്ങൾ നന്മയുടെ മാതൃകയായിത്തീരുക എന്നതാണ് എന്റെ നിലപാട്. അല്ലാഹുവിനോടുള്ള കടമകളിൽ വീഴ്ചവരുത്തരു ത്. സമസൃഷ്ടികളോടുള്ള കടമകളിലും വീഴ്ച വരുത്തരുത്."

ഭരണകർത്താവോ, അമീറോ, ഏതെങ്കിലും ഭാരവാഹിയോ, ഓഫീസറോ, ആരുമാകട്ടെ നിങ്ങൾ പരിശുദ്ധരും സ്വയം തെറ്റു തിരുത്തിനന്നാക്കാൻ ശ്രമിക്കുന്നവരും ദുആ ചെയ്യുന്നവരുമാണെങ്കിൽ ഒന്നുകിൽ അല്ലാഹു ആ ഭരണകർത്താവിനെ, അമീ റിനെ, ഭാരവാഹിയെ, ഓഫീസറെ മാറ്റുന്നതാണ്. ഇല്ലെങ്കിൽ അയാളെ നല്ലവനാക്കിത്തീർക്കുന്നതാണ്. അയാളുടെ സ്വഭാവത്തിൽ മാറ്റമുണ്ടാക്കുന്നതാണ്.

ചിലപ്പോൾ വിപത്തുണ്ടാകുന്നത് സ്വന്തം കർമ്മദൂഷ്യങ്ങൾ കൊണ്ടാണെന്നും പറഞ്ഞിരിക്കു ന്നു. മനുഷ്യന്റെ സ്വന്തം ദോഷകർമ്മത്തിന്റെ ഫല മായി അല്ലാഹു ഈ ലോകത്തുതന്നെ അവനെ നാശ ത്തിലകപ്പെടുത്തുന്നു. അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്ത് കൊണ്ടിരിക്കേണ്ടതാണ്. നന്മകളിൽ നില നിൽക്കാനും അല്ലാഹുവിനോടും അവന്റെ റസൂലി നോടുമുള്ള കടമകൾ നിറവേറ്റാനുമായി പരിശ്രമി ച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "അല്ലാഹു തആല എന്റെ എന്റെ ഉമ്മത്തിനെ ദുർമാർഗ്ഗത്തിലും മാർഗ്ഗഭ്രംശത്തിലും ഐക്യപ്പെടുത്തുകയില്ല. ജമാഅ ത്തിനാണ് അല്ലാഹുവിന്റെ സഹായമുണ്ടാകുന്നത്. *മൻശസ്സ ശുസ്സ ഇലന്നാർ*. ജമാഅത്തിൽ നിന്ന് വേർ പെട്ടവൻ അഗ്നിയിൽ എറിയപ്പെട്ടവനെപ്പോലെയാ ണ്."

നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആയിരം വർഷത്തിന്റെ അന്ധകാരകാലം കഴിഞ്ഞു പോയി. ഇതിൽ അധികം മുസ്ലിംകളും ദീനിനെ മറ ന്നുകളഞ്ഞിരുന്നു. പിന്നീട് അല്ലാഹു തന്റെ വാഗ്ദാ

നമനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ നിയോഗിച്ചു. അവിടന്ന് ഒരു ജമാഅത്ത് രൂപീകരിച്ചു. ലോകത്തെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കേണ്ട പ്രവൃത്തി അതിനെ ഏൽപ്പിച്ചു. നബി(സ) തിരുമേനി യുടെ ഉമ്മത്തിൽ പെട്ട ആരെല്ലാം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചുവോ അവ രാരും ദുർമാർഗ്ഗവും മാർഗ്ഗഭ്രംശവും വരുത്താൻ വേണ്ടി സംഘടിച്ചവരല്ല. മറിച്ച് ഏകനായ അല്ലാഹു വിനെ പരിചയപ്പെടുത്തികൊടുക്കുന്നതിനുവേണ്ടി യാണ് സംഘടിച്ചിട്ടുള്ളത്. അതുകൊണ്ട് തികഞ്ഞ ആത്മാർത്ഥതയുടേയും അനുസരണത്തിന്റേയും മാതൃക കാണിക്കാൻ കഴിയുന്നവർക്കുമാത്രമേ ഇതി ലും അവസാനം വരെ നിലനിൽക്കാൻ കഴിയുകയു ള്ളു. ഇത്തരമാളുകൾ സംഘടിക്കുമ്പോൾ തീർച്ചയാ യും അല്ലാഹുവിന്റെ സഹായവും അവരോടൊപ്പം ഉണ്ടാകുന്നതാണ്. ആത്മാർത്ഥതയുടേയും അനുസ രണത്തിന്റേയും ഉന്നതമായ നിലവാരം പുലർത്താ ത്ത ഓരോരുത്തരും തങ്ങൾക്കുതന്നെ നഷ്ടം വരു ത്തിവയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ജമാ അത്ത് വ്യവസ്ഥിതിയെ അനുസരിക്കുന്നതിലും അതിനോടുചേർന്നു നിൽക്കുന്നതിലുമാണ് ബർക്ക ത്ത് എന്നകാര്യം എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ആർക്കെങ്കിലുമെതിരിൽ തെറ്റായ വിധി ഉണ്ടായാൽ തന്നെ, ഞാൻ പറഞ്ഞതുപോലെ ക്ഷമ കാണിക്കേ ണ്ടതാണ്. അക്ഷമ കാണിക്കാൻ പാടില്ല. ഓരോരുത്ത രും കാര്യങ്ങൾ മനസ്സിലാക്കുന്നത് അവരുടേതായ നിലയിലാണ്. ഖസാ എന്തെങ്കിലും വിധി പുറപ്പെടുവി ച്ചാൽ, ഒരു കക്ഷിയുടെ നോട്ടത്തിൽ അതു ശരിയ ല്ലെങ്കിൽതന്നെ അതുനടപ്പിൽ വരുത്തേണ്ടതാണ്. ഖാസിമാർക്ക് ശരിയായ വിധി പുറപ്പെടുവിക്കാൻ തൗഫീഖ് നൽകുന്നതിനുവേണ്ടി ദുആചെയ്യുക. ഖാസിമാർക്കും തെറ്റു സംഭവിക്കാം. എന്നാൽ ഏതു പരിസ്ഥിതിയിലും അനുസരണത്തിനാണ് മുൻഗണന യുള്ളത്.

ചിലർ വികാരഭരിതരാകാറുണ്ട്. എത്രമാത്രമെ ന്നാൽ, ചില വിധി കാരണത്താൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ അംഗമാണെന്നുള്ള തിനെ അവർ നിഷേധിച്ചുകളയുന്നു. ഇതു നിർഭാഗ്യ തയാണ്. ഞാൻ മുമ്പേപറഞ്ഞതുപോലെ അവർ സ്വയം തങ്ങളെ തീയിലിടുകയാണ് ചെയ്യുന്നത്. ദുൻയാവിലെ കുറച്ചു നാണയതുട്ടുകൾക്കുപകരം സ്വന്തം വിശ്വാസം നഷ്ടപ്പെടുത്തുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലാണ് നിങ്ങൾ അംഗങ്ങളായത്. ഏതെങ്കിലും ഭാരവാഹിയുടെ ജമാഅത്തിലല്ല.

എന്തായാലും ഭാരവാഹികളും സൂക്ഷ്മത പാലിക്കേണ്ടതാണ്. ബലഹീന വിശ്വാസികളുടെ ഈമാൻ തെറ്റുന്നതിന് അവർ കാരണക്കാരാകാൻ പാടില്ല. ശരിയായ നിലയിൽ തങ്ങളുടെ ഉത്തരവാ ദിത്വം നിർവഹിക്കുന്നില്ലെങ്കിൽ ഭാരവാഹികളും ചോദിക്കപ്പെടുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്; നീതി ന്യായത്തിന്റെ തേട്ടം പൂർത്തിയാക്കുന്നില്ലെങ്കിൽ അവർ ചോദിക്കപ്പെടും. അത്തരക്കാർക്ക് സ്വർഗ്ഗം നിഷിദ്ധമാകുമെന്നും ഹദീസിൽ വന്നിട്ടുണ്ട്. ഭാരവാ ഹികളെ സംബന്ധിച്ചിടത്തോളം ഇതു വലിയൊരു മുന്നറിയിപ്പാണ്. അല്ലാഹു താൻ തന്നെ കണക്കെടു ക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട കക്ഷി എന്തി നാണ് വിഷമിക്കുന്നത്. നിങ്ങൾ നന്മയിൽ നില കൊള്ളുക. എന്നാൽ ഭൗതികമായുണ്ടാകുന്ന നഷ്ടവും അല്ലാഹു നികത്തിത്തരും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'ആടുകളുടെ ശത്രു ചെന്നായ് ആണെന്നതുപോലെ, ആട്ടിൻ പറ്റത്തിൽ നിന്ന് ഒറ്റ തിരിഞ്ഞുപോകുന്ന ആടിനെ ചെന്നായ് എളുപ്പത്തിൽ വേട്ടയാടുന്നതുപോലെ ശയ്ത്വാൻ മനുഷ്യന്റെ ചെന്നായ് ആണ്. ജമാഅത്തുമായി ചേർന്നു നിന്നി ല്ലെങ്കിൽ ശയ്ത്വാൻ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം വേട്ടയാടുന്നതാണ്.'

പറഞ്ഞു: അല്ലയോ ജനങ്ങളേ! ഒറ്റതിരിഞ്ഞു നടക്കരുത്. നിങ്ങൾ ജമാഅത്തിനോടും മുസ്ലിംക ളോടുമൊപ്പം ഇരിക്കേണ്ടത് നിങ്ങൾക്കു നിർബന്ധ മാണ്.

ഇവിടെപ്പറഞ്ഞത് ശയ്ത്വാനിൽനിന്ന് രക്ഷപ്പെ ട്ടിരിക്കാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്നാണ്. അതായത് ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുക. ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തു മാത്രമാണ്, ദൈവിക ജമാഅത്ത്. അല്ലാ ഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി അല്ലാഹുവിന്റെ സന്ദേശമെത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്താണി ത്. മറ്റേതെങ്കിലും ജമാഅത്ത്, ജമാഅത്തെന്ന് പറയ പ്പെടുന്നുണ്ടെങ്കിൽത്തന്നെ, അവർക്ക് വളരെയധികം മറ്റു രാഷ്ട്രീയോദ്ദേശ്യങ്ങളുമുണ്ടാകും. അതുകൊ ണ്ട് സൗഖ്യത്തിന്റെ ഈ കോട്ടയ്ക്കുള്ളിൽ കടന്നി ട്ടുണ്ടെങ്കിൽ, ഇതിനുള്ളിൽ ഉറച്ചു നില്ക്കുക. അനു സരിച്ചുകൊണ്ടിരിക്കുക. ഇല്ലെങ്കിൽ, ഓരോന്നോരോ ന്നായി ചെന്നായ് കടിച്ചുതിന്നുന്നതാണ്. കടിച്ചു തിന്നുകൊണ്ടിരിക്കുന്നുമുണ്ട്. നമുക്ക് അത് നിത്യവും കാണാൻ കഴിയുന്നുണ്ട്. ഇവിടെ മറ്റൊരുകാര്യം കൂടി പരിഹരിക്കപ്പെടുകയാണ്. അതായത് ജമാഅത്തിൽ ചേർന്നിട്ടുള്ളവർ തന്നെയാണ് പൊതു മുസ്ലിംകൾ. അതായത് എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഭൂരി പക്ഷം വരുന്നവരെ പൊതു മുസ്ലിംകൾ എന്നു പറ യപ്പെടുകയില്ല. അതിനാൽ ജമാഅത്തിൽ ചേർന്നി ട്ടുള്ള നിങ്ങൾ തന്നെയാണ് ആ സൗഭാഗ്യവാന്മാർ. പൊതു മുസ്ലിംകൾ എന്നു പറയപ്പെടാൻ അർഹരും നിങ്ങൾ തന്നെ. അതിനാൽ, നിങ്ങളെ നിങ്ങൾക്കു രക്ഷിക്കണമെങ്കിൽ ഞാൻ പറഞ്ഞതുപോലെ തികഞ്ഞ ക്ഷമയോടും ആത്മാർത്ഥതയോടുംകൂടി അനുസരണം പുലർത്തി ജീവിക്കുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ)

തിരുമേനി പറഞ്ഞു: സ്വർഗ്ഗത്തിന്റെ നടുവിൽ വീടു പണിയാനാഗ്രഹിക്കുന്നവൻ, ജമാഅത്തിനോട് ഒട്ടിപ്പിടിച്ചിരിക്കേണ്ടതാണ്. കാരണം ശയ്ത്വാൻ ഒരാളോടൊപ്പമായിരിക്കും. രണ്ടാളാകുമ്പോൾ അവൻ അകന്നുപോകുന്നു. അതായത് ശയ്ത്വാൻ അവനെവിട്ട് ഓടിപ്പോകുന്നു. അവന്റെ ഉദ്ദേശ്യം ഹൃദയങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കുക എന്നതാണ്. അതിനാൽ, ജമാഅത്തിലാണ് അനുഗ്രഹം. ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കുന്നതിലാണ് അനുഗ്രഹം.

അല്ലാഹുതആല എല്ലാവർക്കും ആ നിലവാരം നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇതു സംബന്ധമായി മറ്റൊരുകാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ഹൃദയങ്ങളിൽ ദോഷചിന്താഗതികൾ ഉണ്ടാക്കുന്നതിനും അകൽച്ച ഉണ്ടാക്കുന്നതിനും വൈരാഗ്യം ഉണ്ടാക്കുന്നതിനും വേണ്ടി തക്കം പാർത്തിരിക്കുകയാണ് ശയ്ത്വാൻ. അതുകൊണ്ട് ചില ഘട്ടങ്ങളിൽ നല്ലവരേയും നല്ല ചിന്താഗതിക്കാരേയും കാര്യങ്ങൾ നേരായി മനസ്സിലാക്കുന്നവരേയും പോലും തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിപ്പിക്കുന്നുണ്ടാകും. ശയ്ത്വാന്റെ കൈയിൽ അകപ്പെട്ടിരിക്കുന്നുവെന്ന് അവർക്കും മനസ്സിലാകുകയില്ല. ഇവിടെ ജർമ്മനിയിൽ നൂറ്പള്ളികൾ നിർമ്മിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട കാര്യമാണുള്ളത്. ചില വലിയ വലിയ കെട്ടിടങ്ങൾ വാങ്ങിയതിൽ ചിലർക്ക് പരാതിയുണ്ട്. അതു വാങ്ങിയില്ലായിരുന്നെങ്കിൽ ചെറിയ ചെറിയ ഒരുപാട് പള്ളികൾ നിർമ്മിക്കാമായിരുന്നുവെന്നാണ് അവർ പറയുന്നത്. പുതിയതായി വാങ്ങിയ കെട്ടിടങ്ങൾ നൂറ് പള്ളി നിർമ്മാണ പദ്ധതിയിൽ പെടുകയില്ല. 'ഇവിടെ ഇങ്ങനെ നടക്കുന്നു അങ്ങനെ നടക്കുന്നു അതുകൊണ്ട് യഥാർത്ഥാവസ്ഥ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു'വെന്ന് പറഞ്ഞ് ചിലർ കത്തെഴുതിക്കൊണ്ടിരിക്കുന്നു. ഈ എഴുതുന്ന എല്ലാവർക്കും വേണ്ടി ഒന്നു ഞാൻ പറയട്ടെ. കഴിഞ്ഞ വർഷം, അതിനെക്കാൾ കുറെ മുമ്പേ ഞാൻ ഇതിനെക്കുറിച്ച് വിലയിരുത്തിക്കഴിഞ്ഞിരിക്കുന്നു. ഏതേതെല്ലാം കെട്ടിടങ്ങളാണ് വാങ്ങിയിട്ടുള്ളതെന്നും, ഏതേതെല്ലാം കെട്ടിടങ്ങളെ നൂറ് പള്ളി നിർമ്മാണ പദ്ധതിയിൽ പ്പെടുത്തണമെന്നും എനിക്കറിയാം. അതുകൊണ്ട് നിങ്ങൾ ഇക്കാര്യത്തിൽ വിഷമിക്കേണ്ട. ഒരു പ്രാവശ്യം കത്തെഴുതുന്നത് ശരി. നിങ്ങൾ ശരിയെന്ന് മനസ്സിലാക്കിയത് എന്നോടു പറഞ്ഞു. താങ്കളുടെ കടമ അതോടെ അവസാനിച്ചു. വീണ്ടും വീണ്ടും കത്തെഴുതുന്നതെന്തിനാണ്? ഇത് പിന്നീട് പിടിവാശിയായി മാറും. എനിക്കു കത്തെഴുതി. ഞാൻ ഹ്രസ്വമായ മറുപടി നിങ്ങൾക്കുതന്നു. ആ കത്ത് താങ്കൾക്കു കിട്ടി. ജസാക്കല്ലാഹ്. ഇതുമതി. ഇനി ഓരോരുത്തരോടും വിശദീകരിച്ച് നിങ്ങൾ പറയേണ്ട ആവശ്യമില്ല. കാരണം ആവർത്തിച്ചാവർത്തിച്ച് സമ്മർദ്ദം ചെലുത്തി എഴുതുന്നത്, ഇതിൽ ചില ഭാരവാഹികളും പങ്കെടുക്കുന്നുണ്ട്, ഇതു തെറ്റായ പ്രവണതയാണ്.

വാങ്ങിയ കെട്ടിടങ്ങളേയും ഞാൻ നൂറ് മസ്ജിദ് നിർമ്മാണ പദ്ധതിയിൽ പെടുത്തിയിരിക്കുമ്പോൾ, കൂടുതൽ പിന്നെന്തുപറയാനാണ് നിങ്ങളാഗ്രഹിക്കുന്നത്? പള്ളിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള പണം കൊണ്ടാണ് അതു വാങ്ങിയിട്ടുള്ളത്. അത് പള്ളി നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന് ഞാൻ പറയുന്നു.

കത്തെഴുതുമ്പോൾ കഠിനമായ പദങ്ങളും ഉപയോഗിക്കുന്നു; അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കുറിച്ച്, മസ്ജിദുകൾ വാങ്ങുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയവരെക്കുറിച്ച്. ഇതും തെറ്റായ പ്രവണതയാണ്. ഇതും ഒരു തരത്തിൽ അനുസരണത്തിൽനിന്ന് പുറത്തുപോകുന്ന കാര്യമാണ്. അക്ഷമയുടെ പ്രകടനമാണ്. അതുകൊണ്ട് ഇതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. നൂറ് പള്ളികൾ നിർമ്മിക്കുന്നതിനുവേണ്ടി നിങ്ങൾക്കൊരു പദ്ധതി തന്നിട്ടുണ്ട്. അതു പൂർത്തിയാക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ് നിങ്ങളുടെ പ്രവൃത്തി. ദുആ മുഖേന അല്ലാഹുവിൽനിന്ന് സഹായം തേടിക്കൊണ്ടിരിക്കുക. ഇൻശാഅല്ലാഹ്. അല്ലാഹു സഹായിക്കും. ഇപ്പോൾ പ്രവൃത്തിയിൽ കുറച്ച് വേഗം വന്നിട്ടുണ്ട്. ഇൻശാഅല്ലാഹ്. ഈ പള്ളികൾ പൂർണ്ണമാകുകയും ചെയ്യും. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞപ്പോൾ ഓരോ നിമിഷവും വേഗത്തിൽ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സ്ഥലത്തും എത്രയും വേഗം പള്ളി നിർമ്മിക്കണമെന്ന വിചാരം ഓരോയിടത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു കൂടുതൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.

മറ്റൊരുകാര്യം, ചില പ്രവർത്തനങ്ങൾ അത് സൽക്കാര്യങ്ങളും സൃഷ്ടിസേവനപരമായ കാര്യങ്ങളും ആണെങ്കിൽ തന്നെ, ജമാഅത്തു വ്യവസ്ഥിതിയെ എതിരിട്ടുകൊണ്ടുചെയ്യുകയാണെങ്കിൽ, ജമാഅത്തു വ്യവസ്ഥിതി അതിനെ സഹായിക്കുകയില്ല. നിസാം അഥവാ വ്യവസ്ഥിതിയിൽ നിന്ന് വേറിട്ടു ചെയ്യുന്ന പ്രവർത്തനങ്ങളിൽ കാലത്തിന്റെ ഇമാം സന്തോഷം പ്രകടിപ്പിക്കുമെന്ന് പ്രതീക്ഷിക്കുകയുമരുത്.

ജമാഅത്ത് വ്യവസ്ഥിതിയെ സംരക്ഷിക്കുക എന്നത് ഖലീഫയുടെ പ്രഥമ കടമയാണ്. സമമായ രണ്ടു വ്യവസ്ഥിതി മുന്നോട്ടു കൊണ്ടുപോയി വിജയം വരിക്കാൻ സാധിക്കുകയില്ല. ഉദാഹരണത്തിന്, ചില നിബന്ധനകൾ പാലിക്കാതെ ഈ രാജ്യത്ത് ഹോമിയോപ്പതി പ്രാക്ടീസ് ചെയ്യാൻ പൊതുവെ അനുവാദമില്ല. അതുകൊണ്ട് ജമാഅത്ത്, ജമാഅത്തെന്ന നിലയിൽ ഈ പ്രവർത്തനത്തിൽ കൈകടത്തുന്നില്ല. ഈ പ്രവൃത്തി ചെയ്യാൻ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ, അല്ലെങ്കിൽ ചെയ്യുന്നെങ്കിൽ

സൃഷ്ടിസേവനമെന്ന വികാരത്തോടെ ചെയ്യുന്നെങ്കിൽ, ചെയ്തുകൊള്ളട്ടെ. പക്ഷെ, ജമാഅത്ത് ഇതിൽ ഒരിക്കലും ഇടപെടുകയില്ല. ആരുടെയെങ്കിലും സൃഷ്ടിസേവന പ്രവർത്തനത്തെക്കുറിച്ച് ഞാൻ കത്തെഴുതുകയാണെങ്കിൽ അതിന്റെ ഉദ്ദേശ്യം അവർക്ക് ജമാഅത്തിന്റെ പദവി കിട്ടിയെന്നല്ല. അങ്ങനെ ജമാഅത്തിന്റെ അമീറിനെ പിന്തള്ളാനോ അദ്ദേഹവുമായി ഏറ്റുമുട്ടാനോ അല്ല. എനിക്കിവിടെ ആരുടെയും പേരെടുത്ത് പറയേണ്ട ആവശ്യമില്ല. ഇങ്ങനെയുള്ളവർക്കതു മനസ്സിലാകുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ സ്വയം തിരുത്തി നന്നാക്കുക.

മറ്റൊന്ന് humanity first രജിസ്ട്രേഡ് സ്ഥാപനമാണ്. ലണ്ടൻ കേന്ദ്രവുമായിട്ടാണ് ഇതിനു ബന്ധം. അവരാണ് കൃത്യമായി ഇത് നടത്തുന്നത്. ആഫ്രിക്കയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ ഒരുപാട് പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. അതു കേന്ദ്ര സ്ഥാപനമാണ്. ജർമനിക്കു പുറമെ വിവിധ രാഷ്ട്രങ്ങളിൽ അതു പ്രവർത്തിച്ചു വരുന്നു. ജർമ്മനിയിൽ ഇതു പ്രവർത്തനനിരതമല്ല; അതിനുകാരണം ചില കാര്യങ്ങളിൽ കൂടുതൽ സ്വതന്ത്രരാകാൻ അവർ പരിശ്രമിച്ചു എന്നതുകൊണ്ടാണ്. അതുകൊണ്ട് ഇവിടെ അമീർ സാഹിബിനെ ഞാൻ 'നിഗ്രാനെ അഅ്‌ലാ' ആയി നിയമിക്കുകയാണ്. അദ്ദേഹം തന്റെ മേൽനോട്ടത്തിൽ അതിനെ റീഓർഗനൈസ് ചെയ്യട്ടെ. ചെയർമാനെയും മൂന്നംഗങ്ങളേയും നിശ്ചയിക്കട്ടെ; അത് കേന്ദ്രനിർദ്ദേശമനുസരിച്ചായിരിക്കണം. കാരണം കേന്ദ്ര റിപ്പോർട്ടനുസരിച്ചും ഇവിടത്തെ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സംഘാടകരുടെ സഹകരണം നല്ലതല്ലായിരുന്നു. വീണ്ടും വീണ്ടും പറയുന്നതുകൊണ്ട് ഇപ്പോൾ കുറച്ച് മാറ്റം വന്നിട്ടുണ്ട്, എന്നാൽ പൂർണ്ണമായും അല്ല. ഇതും അനുസരണത്തിന്റെ കുറവാണ്. ഞാൻ പറഞ്ഞതുപോലെ ചിലർ മനസ്സിലാക്കുന്നത് ഖലീഫയുമായി നേരിട്ട് ബന്ധപ്പെട്ടുകഴിഞ്ഞാൽ മറ്റു വ്യവസ്ഥിതികളോട് എങ്ങനെ പെരുമാറിയാലും പ്രശ്നമൊന്നുമില്ലെന്നാണ്. ഇത് തെറ്റായ ധാരണയാണ്. മനസ്സിൽ നിന്ന് അത് നീക്കിക്കളയുക. എന്തെങ്കിലും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വിഷമമോ പ്രയാസമോ ഉണ്ടെങ്കിൽ ആ വിവരത്തിന് ഖലീഫയ്ക്ക് കത്തെഴുതാവുന്നതാണ്. എന്നാലും ബന്ധപ്പെട്ട അമീറിന് അതിന്റെ കോപ്പി പോകേണ്ടതാണ്. എന്നാൽ നേരിട്ട് സ്വയം ഏതെങ്കിലും രീതിയിലുള്ള ചുവടുവെയ്ക്കുന്നതിന് അനുവാദമില്ല. അല്ലാഹുതആല എല്ലാവരെയും പൂർണ്ണ അനുസാരികളിൽ വെക്കുമാറാകട്ടെ. അനുസരണത്തിലും നല്ലനില കരസ്ഥമാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹുവിനെയും അവന്റെ റസൂലിനെയും അവന്റെ കാര്യസ്ഥരെയും അനുസരിക്കുക. അനുസരണം സത്യഹൃദയത്തോടെ സ്വായത്തമാക്കുകയാണെങ്കിൽ മനസ്സിലൊരു പ്രകാശവും ആത്മാവിലൊരു ആനന്ദവും വെളിച്ചവും വരുന്നതാണ്. അനുസരണംപോലത്ര ആവശ്യം മുജാഹദയ്ക്കില്ല. എന്നാൽ അതിനുള്ള നിബന്ധന, സത്യമായ അനുസരണം ഉണ്ടാകുക എന്നതാണ്. അതാണ് പ്രയാസമായിട്ടുള്ള കാര്യം. അനുസരണത്തിൽ സ്വന്തം ശരീരേച്ഛയെ ബലികഴിപ്പിക്കേണ്ടത് നിർബന്ധമാണ്. ഇത് കൂടാതെ അനുസരണമാകുകയില്ല. ശരീരേച്ഛ എന്നു പറയുന്നത് വലിയ വലിയ തൗഹീദ് വിശ്വാസക്കാരുടെ മനസ്സിലും ബിംബമാകാനിടയുള്ള ഒന്നാണ്. സ്വഹാബത്തിന്റെ മേൽ ഉണ്ടായ അനുഗ്രഹം എങ്ങനെയുള്ളതാണ്. നബി (സ) തിരുമേനിയിൽ എങ്ങനെ ലയിച്ചൊരു ജനതയായിരുന്നു അവർ! അനുസരണത്തിന്റെ നിയമങ്ങളെ അനുസരിക്കാത്തിടത്തോളം ഒരു ജനതയും ജനതയെന്ന് പറയപ്പെടുക സാധ്യമല്ല, മതത്തിന്റെയും ഐക്യത്തിന്റെയും ആത്മാവ് അവരിൽ ഊതപ്പെടുകയില്ല. ഭിന്നിപ്പുകൾ ഉണ്ടാവുകയാണെങ്കിൽ മനസ്സിലാക്കുക, ഇത് അധഃപതനത്തിന്റെ അടയാളങ്ങൾ ആണെന്ന്. മുസ്‌ലിംകളുടെ ശക്തിക്ഷയത്തിനും അധഃപതനത്തിനും പലകാരണങ്ങളുണ്ടെങ്കിലും അവയിൽ മുഖ്യമായത് പരസ്പരമുള്ള ഭിന്നിപ്പും ആഭ്യന്തര കലഹങ്ങളും ആയിരുന്നു. (അതായത് മുസ്‌ലിംകളിൽ ഇന്നുകാണുന്ന ശക്തിക്ഷയത്തിനും അധഃപതനത്തിനും കാരണം ആഭ്യന്തരമായ ഭിന്നിപ്പും കലഹങ്ങളും ആണ്. അതുകൊണ്ട് അഭിവൃദ്ധിപ്പെടുന്നതിനുപകരം അധഃപതിച്ചുകൊണ്ടിരിക്കുന്നു.) അഭിപ്രായഭിന്നത ഉപേക്ഷിക്കുകയും അല്ലാഹു കല്പിച്ച ഒന്നിനെ അനുസരിക്കുകയും ചെയ്താൽ ഏതൊരു കാര്യം ആഗ്രഹിക്കുന്നുവോ അത് നടപ്പിൽ വരുന്നതാണ്. അല്ലാഹുവിന്റെ കൈ ഉണ്ടാകുന്നത് ജമാഅത്തിന്റെ മീതെയാണ്. ഇതിന്റെ രഹസ്യം അല്ലാഹു തൗഹീദിനെ ഇഷ്ടപ്പെടുന്നു എന്നതാണ്. അനുസരിക്കാത്തിടത്തോളം ഈ ഐക്യം നിലവിൽ വരികയില്ല. നബി (സ) തിരുമേനിയുടെ കാലഘട്ടത്തിൽ സ്വഹാബത്ത് വലിയ വലിയ അഭിപ്രായങ്ങൾ പറയുന്നവരായിരുന്നു. അല്ലാഹു അവരെ സൃഷ്ടിച്ചതുതന്നെ അങ്ങനെയായിരുന്നു. അവർ രാഷ്ട്രീയനിയമങ്ങളും നല്ലവണ്ണം അറിയുന്നവരായിരുന്നു. ഹസ്റത്ത് അബൂബക്കർ (റ), ഹസ്റത്ത് ഉമർ (റ) തുടങ്ങിയവരും മറ്റ് ആദരണീയരായ സ്വഹാബിമാരും ഖലീഫമാരായപ്പോൾ, അവർക്ക് ഭരണം കിട്ടിയപ്പോൾ അവർ എത്ര മനോഹരമായിട്ടാണ് ഭരണചക്രം തിരിച്ചിരുന്നത്. ഇതിൽനിന്ന് അവരിൽ അഭിപ്രായം പറയാനുള്ള കഴിവും എത്രമാത്രം ഉണ്ടായിരുന്നുവെന്ന് നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. എന്നാൽ നബി (സ) തിരുമേനിയുടെ സന്നിധിയിലെ അവരുടെ അവസ്ഥ, നബി (സ) എന്തെങ്കിലും പറഞ്ഞാൽ തങ്ങളുടെ അഭിപ്രായങ്ങളെയും ബുദ്ധിയെയും അങ്ങേയറ്റം താണതായി അവർ മനസ്സിലാക്കിയിരുന്നു. എന്തൊന്ന് നബി (സ)

തിരുമേനി പറഞ്ഞുവോ അതിനെ നിർബന്ധമായും പ്രവർത്തനത്തിൽ കൊണ്ടുവരണമെന്ന് അവർ നിശ്ച യിച്ചു.

പറയുന്നു: അവരിൽ അനുസരണവും ഈ അംഗീകരിക്കുന്ന സ്വഭാവവും ഇല്ലായിരുന്നെങ്കിൽ, ഓരോരുത്തരും തങ്ങളുടെതായ അഭിപ്രായത്തിന് മുൻഗണന നല്കിയിരുന്നുവെങ്കിൽ ഭിന്നിപ്പുണ്ടായെ ങ്കിൽ ഇത്രമാത്രം വലിയ സ്ഥാനം കരസ്ഥമാക്കുമായി രുന്നില്ല. എന്റെ നോട്ടത്തിൽ ശിയാ സുന്നി കലഹം ഒതുക്കുന്നതിന് ഈ ഒരു തെളിവ് മാത്രം മതിയായ താണ്. അതായത് ആദരണീയരായ സ്വഹാബിമാരിൽ പരസ്പരം ഒരു തരത്തിലുള്ള ഭിന്നതയും ശത്രു തയും ഉണ്ടായിരുന്നില്ല. കാരണം അവരുടെ പുരോ ഗതിയും അഭിവൃദ്ധിയും വിളിച്ചോതുന്നത് അവർ പര സ്പരം ഒന്നായിരുന്നുവെന്നാണ്. പരസ്പരം ശത്രു തയൊന്നും അവരിൽ ഉണ്ടായിരുന്നില്ല. പക്ഷെ, അജ്ഞരായ എതിരാളികൾ പറഞ്ഞ് പരത്തുന്നത് ഇസ്ലാം വാളിന്റെ ശക്തികൊണ്ട് പരന്നുവെന്നാണ്. എന്നാൽ ഞാൻ പറയുന്നു. ഇത് ശരിയല്ല. ഹൃദയ ത്തിന്റെ തോടുകൾ അനുസരണത്തിന്റെ ജലത്താൽ കവിഞ്ഞൊഴുകിയതായിരുന്നു അതിന്റെ യഥാർത്ഥ കാരണം. ഇത് മറ്റു ഹൃദയങ്ങളെ സ്വാധീനിച്ച അനു സരണത്തിന്റെയും ഐക്യത്തിന്റെയും ഫലമായിരു ന്നു. നബി (സ) തിരുമേനിയുടെ രൂപലാവണ്യത്തി നുമേൽ അല്ലാഹുവിൽ സർവ്വവും സമർപ്പിക്കുന്ന തിന്റെ പ്രകാശം പൊതിഞ്ഞിരുന്നു. അത് പ്രതാപപ രവും സൗന്ദര്യപരവുമായ അവസ്ഥകൾക്കുവേണ്ടി യായിരുന്നു. അതിൽ ഒരേയൊരു ആകർഷണവും ശക്തിയും മാത്രമെ ഉണ്ടായിരുന്നുള്ളൂ. അത് അനി യന്ത്രിതമായ നിലയിൽ ഹൃദയങ്ങളെ വലിച്ചടുപ്പിച്ചി രുന്നു. പിന്നീട് നബി (സ) തിരുമേനിയുടെ ജമാഅ ത്തംഗങ്ങൾ റസൂലിനെ അനുസരിക്കുന്നതിന്റെ എങ്ങനെയുള്ള മാതൃകയാണ് കാണിച്ചതെന്നാൽ, അവരുടെ ദൃഢചിത്തത എത്ര വലിയ ദിവ്യാത്ഭുത മായി കാണപ്പെടുന്നുവെന്നാൽ, അത് കാണുന്ന വർപോലും അനിയന്ത്രിതമായി അവരിലേക്ക് വരാ റുണ്ടായിരുന്നു. ചുരുക്കത്തിൽ സ്വഹാബത്തിനെ പ്പോലെ അവസ്ഥയുള്ളവരും അഭിജ്ഞരും ഇപ്പോഴും ആവശ്യമുണ്ട്. എന്തുകൊണ്ടെന്നാൽ വാഗ്ദത്ത മസീ ഹ്(അ)ന്റെ കൈയാൽ തയ്യാറാക്കപ്പെട്ടുകൊണ്ടിരി ക്കുന്ന ഈ ജമാഅത്തിനെ, നബി (സ) തിരുമേനി തയ്യാറാക്കിയെടുത്ത ജമാഅത്തിൽ അല്ലാഹു ഉൾപ്പെ ടുത്തിയിരിക്കുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിയുണ്ടാ കുന്നത് ജനതയുടെ മാതൃകാജീവിതം മുഖേനയാ ണ്. അതുകൊണ്ട് വാഗ്ദത്ത മസീഹ്(അ)ന്റെ ജമാ അത്തെന്ന് പറഞ്ഞുകൊണ്ട് സ്വഹാബത്തിന്റെ ജമാ അത്തുമായി ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്കുള്ളിൽ സ്വഹാബത്തിന്റെ നിറം പിടിപ്പിക്കു ക. അതുപോലുള്ള അനുസരണം ഉണ്ടാകണം. അതുപോലുള്ള പരസ്പരസ്നേഹവും സാഹോദ ര്യവും ഉണ്ടാകണം. ചുരുക്കത്തിൽ എല്ലാവിധ ത്തിലും എല്ലാരീതിയിലും സ്വഹാബത്തിന്റെ അതേരൂപം നിങ്ങൾ സ്വായത്തമാക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, നബി (സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ആദ്യകാലവി ശ്വാസികളിൽ ചേരുന്നതിന് സ്വഹാബത്തിനെപ്പോ ലുള്ള അനുസരണത്തിന്റെ മാതൃകയും കാണിക്കേ ണ്ടിവരും. മുമ്പേയും നിങ്ങൾ കേട്ടുവന്നിട്ടുള്ളതാ ണ്, അനുസരണത്തിനുവേണ്ടി ക്ഷമയുടേയും ത്യാഗ ത്തിന്റെയും പ്രകടനം കാഴ്ചവെയ്ക്കേണ്ടിവരും. അതുകൊണ്ട് നിങ്ങൾക്കുള്ളിൽ ഈ പ്രത്യേകതകൾ ഉണ്ടാക്കിയെടുക്കുക.

അല്ലാഹുതആല എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ. നമ്മളെല്ലാവരും അനു സരണത്തിന്റെ ഉദാത്തമായ മാതൃക നിലനാട്ടുന്നവ രായിത്തീരുമാറാകട്ടെ.

ഇനി ഞാൻ ജൽസയ്ക്ക് ഡ്യൂട്ടിചെയ്ത എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ ഖുത്ബ തൽസമയ സംപ്രേഷണം ഉണ്ടാകുമെന്ന് ആദ്യം കേട്ടിരുന്നു. പക്ഷെ, അത് നടക്കുന്നില്ലെന്ന് തോന്നുന്നു. പൊതുവെ എല്ലാ പ്രവർത്തകന്മാരും പ്രവർത്തകമാരും അതിഥികളോടു സ്നേഹത്തോടെ പെരുമാറി. അവരെ നല്ലവണ്ണം സേവിച്ചു. ഇവി ടെത്തെ സംവിധാനത്തെക്കുറിച്ച് പലരോടും ഞാൻ തിരക്കിയപ്പോൾ, നല്ല അഭിപ്രായമാണ് എല്ലാവരും പറഞ്ഞത്. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഇതു ആ പ്രവർത്തകന്മാരുടെയും പ്രവർത്തകമാരുടെയും കർമ്മപരമായ മാതൃക തന്നെ യായിരുന്നു. നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് പൂർണ്ണ മായും അവർ പ്രവർത്തിച്ചു. ഇതുതന്നെയാണ് ഒരു ജമാഅത്തിന്റെ സൗന്ദര്യം. അത് അഹ്മദിയ്യാ ജമാ അത്തിൽ മാത്രമെ കാണാൻ കഴിയുകയുള്ളൂ. അല്ലാ ഹുതആല ഇവർക്കെല്ലാം ഈ നന്മകൾ വളർത്തി ക്കൊണ്ട് പോകുവാൻ തൗഫീഖ് നല്കുമാറാകട്ടെ. കഴിഞ്ഞ ജൽസയുടെ സമാപനപ്രസംഗത്തിൽ ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം, സ്ത്രീകളുടെ പന്തലിൽ ഞാൻ പറഞ്ഞിരുന്നു. വിവിധ രാഷ്ട്രങ്ങ ളിൽ നിന്നെത്തിയവരുടെ കണക്കുകൾ പറഞ്ഞിട്ടി ല്ലെന്ന് അമീർ സാഹിബ് ഇപ്പോൾ അറിയിച്ചിരിക്കു ന്നു. മൊത്തം 28,000 ആളുകളാണ് ജൽസയിൽ പങ്കെ ടുത്തത്. 29 വിദേശ രാഷ്ട്രങ്ങളിൽ നിന്ന് പ്രതിനിധി കൾ പങ്കെടുത്തു. അല്ലാഹു എല്ലാവർക്കും പ്രതി ഫലം നല്കുമാറാകട്ടെ. ഈ ജൽസയുടെ അനുഗ്ര ഹത്തിൽനിന്ന് ഫലമെടുക്കാൻ അല്ലാഹു എല്ലാ വർക്കും തൗഫീഖ് നല്കുമാറാകട്ടെ. ഒരാഴ്ചയ്ക്കു ശേഷം മറന്നുപോകരുത്.

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD** (KHALIFATHUL MASIH - V)
on 27- 08- 2004 at Humbarg, Germany.

**വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**